ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ 51 തൊഴിൽ സമരങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) ഇപ്പോൾ പണിമുടക്കുകൾ കുറഞ്ഞുവരികയാണ്.

(സി) മുൻ സർക്കാരിന്റെ കാലത്ത് തൊഴിൽ സമരംമൂലം 15,01,460 മാൻഡേയ്സ് നഷ്ടപ്പെട്ടിട്ടുണ്ട്.

തൊഴിൽ വകുപ്പ് കൈകാര്യം ചെയ്യുന്ന വിവിധ ചട്ടങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യാൻ നടപടി

73 [3081] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പ് കൈകാര്യം ചെയ്യുന്ന വിവിധ ചട്ടങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ചട്ടങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യേണ്ടത് സർക്കാരിലെ ഏതു വകുപ്പാണെന്ന് വ്യക്തമാക്കുമോ;

(ഡി) തൊഴിൽ വകുപ്പിന്റെ കീഴിലെ ഏതെല്ലാം സ്ഥാപനങ്ങളിലെ ചട്ടങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യേണ്ടത് ആവശ്യമാണെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത നടപടിക്രമങ്ങൾ എപ്പോൾ പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) താഴെ പറയുന്ന ചട്ടങ്ങളാണ് മലയാളത്തിലേക്ക് വിവർത്തനം ചെയ്യാൻ ഉദ്ദേശിക്കുന്നത്:

1. കേരള ബാല തൊഴിൽ (നിരോധനവും നിയന്ത്രണവും) ചട്ടങ്ങൾ, 1993.
2. പേയ്മെന്റ് ഓഫ് ബോണസ്സ് റൂൾസ്, 1975.
3. ദി കേരള വർക്ക്മെൻ കോമ്പൻസേഷൻ റൂൾസ്, 1958.
4. കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് റൂൾസ്, 1962.
5. കേരള കോൺട്രാക്ട് ലേബർ (റെഗുലേഷൻ ആന്റ് അബോളിഷൻ) റൂൾസ്, 1974.

LIBRARY ARCHIVES Kerala Legislative Assembly

6. കേരള ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് റൂൾസ്, 1947.
7. കേരള ലേബർ വെൽഫെയർ ഫണ്ട് റൂൾസ്, 1977.
8. കേരള പേയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി റൂൾസ്, 1973.
9. കേരള ട്രേഡ് യൂണിയൻ ആന്റ് റഗുലേഷൻ, 1958.
10. കേരള പേയ്മെന്റ് ഓഫ് വേജസ് (ജനറൽ റൂൾസ്), 1958.
11. കേരള പേയ്മെന്റ് ഓഫ് വേജസ് (അൺഡിസ്ബേഴ്സ്ഡ്) റൂൾസ്, 1958.
12. കേരള പേയ്മെന്റ് ഓഫ് വേജസ് (പ്രൊസീജിയർ) റൂൾസ്, 1958.
13. കേരള പേയ്മെന്റ് ഓഫ് വേജസ് (പ്രൊസീജിയർ) ആപ്ലിക്കേഷൻ റ്റു ഷെഡ്യൂൾഡ് എംപ്ലോയ്മെന്റ് റൂൾസ്, 1964.
14. കേരള പ്ലാന്റേഷൻ (വെൽഫെയർ ഓഫീസേഴ്സ്) റൂൾ, 1978.
15. കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് റൂൾസ്, 1961.
16. കേരള മിനിമം വേജസ് റൂൾസ്, 1958.
17. കേരള തോട്ടം തൊഴിലാളി ചട്ടങ്ങൾ, 1978.
18. ദി വർക്കിംഗ് ജേർണലിസ്റ്റ് (കണ്ടീഷൻസ് ഓഫ് സർവീസ്) ആന്റ് മിസലേനിയസ് പ്രൊവിഷൻ റൂൾസ്, 1957.

ഇവയിൽ താഴെ പറയുന്നവ പരിഭാഷപ്പെടുത്തുകയും സൂക്ഷ്മ പരിശോധന നടത്തി പ്രസിദ്ധീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

1. കേരള ബാല തൊഴിൽ (നിവേദനവും നിയന്ത്രണവും) ചട്ടങ്ങൾ, 1993
2. പേയ്മെന്റ് ഓഫ് ബോണസ് റൂൾ, 1975.
3. കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് റൂൾസ്.
4. കേരള തോട്ടം തൊഴിലാളി ചട്ടങ്ങൾ. മറ്റുള്ളവയുടെ പരിഭാഷ ജോലികൾ പൂർത്തിയായി വരുന്നു.

(സി) സർക്കാരിന്റെ ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര (ഔദ്യോഗിക ഭാഷാ) വകുപ്പ് ഇതു സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) തൊഴിൽ വകുപ്പ് കൈകാര്യം ചെയ്യുന്ന പ്രാഥമികവും അവശ്യം വേണ്ടുന്നതുമായ എല്ലാ ചട്ടങ്ങളും മലയാളത്തിലേക്ക് വിവർത്തനം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. തൊഴിൽ വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലെയും നടപടിക്രമങ്ങൾ കഴിവതും മലയാളത്തിലാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) 2004 ഡിസംബർ 31-നകം പൂർത്തിയാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly